**കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്**
**ഇൻഷ്വറൻസ് ഡയറക്ടറുടെ കാര്യാലയം**
**ടാൻസ് ടവേഴ്സ് , വഴുതക്കാട്.പി.ഒ., തിരുവനന്തപുരം - 695014**
**0471 – 2330096 ഇ-മെയിൽ :director.ins@kerala.gov.in**

നം. ഇൻഷ്വ/ലൈഫ്/ഗ്ലൂ 001901518 തീയതി : 21/12/2021

ഇൻഷ്വറൻസ് ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ ഇൻഷ്വറൻസ് ഓഫീസർ/
ഡെവലപ്പ്മെന്റ് ഓഫീസർമാർക്കും

വിഷയം : സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്-സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പോളിസി/ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി - പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാർ- വ്യക്തത വരുത്തുന്നത് - സംബന്ധിച്ച്.

സൂചന : 1. G.O.(P)No. 25/2004/Fin, dated 12/01/2004
2. G.O.(P)No. 249/2010/Fin, dated 24/04/2010

സംസ്ഥാന സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ/അനദ്ധ്യാപകർ, പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർ, സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നീ വിഭാഗങ്ങൾക്കായി നടപ്പാക്കി വരുന്ന ലൈഫ് ഇൻഷ്വറൻസ് പോളിസി/ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നതിനായി മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ ഉള്ള പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരുടെ അപേക്ഷകൾ സ്വീകരിക്കുന്നതിൽ വിവിധ ജില്ലാ ഇൻഷ്വറൻസ് ആഫീസർമാർ വ്യത്യസ്ത നിലപാടുകൾ സ്വീകരിക്കുന്നതായി കാണുന്നു.

***സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പദ്ധതിയുടെ*** ചട്ടപ്രകാരം ('All State Government employees holding permanent or officiating appointments under the Government of Kerala and who are below the age of 50 years on the date of 1st remittance of premium'). പെർമനന്റ്/ഒഫിഷിയേറ്റിംഗ് ആയി നിയമനം ലഭിച്ചതും ആദ്യ പ്രീമിയം അടയ്ക്കുന്ന തീയതിയിൽ 50 വയസിൽ താഴെയുള്ള സർക്കാർ ജീവനക്കാർക്ക് പോളിസിയിൽ ചേരാവുന്നതാണ് എന്നാണ് പദ്ധതിയുടെ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. സൂചന (1) പ്രകാരം സർക്കാർ ജീവനക്കാരല്ലാത്ത പൊതു മേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നീ വിഭാഗങ്ങൾക്കും എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ/അനദ്ധ്യാപകർ എന്നീ വിഭാഗങ്ങൾക്കും പ്രസ്തുത പദ്ധതിയിൽ ചേരുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ എല്ലാ വിഭാഗങ്ങളിൽപ്പെട്ടതും സർക്കാർ അംഗീകരിച്ച നിയമനചട്ടങ്ങൾക്കനുസരിച്ച് സ്ഥിരം നിയമനം ലഭിച്ചതും ആദ്യ പ്രീമിയം അടയ്ക്കുന്ന തീയതിയിൽ 50 വയസ്സിൽ താഴെയുള്ള പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാർക്കും പ്രസ്തുത പദ്ധതിയിൽ അംഗത്വം അനുവദിക്കാവുന്നതാണ്. പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരുടെ വിരമിക്കൽ പ്രായം മറ്റ് ജീവനക്കാരുടേതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ ടി ജീവനക്കാരുടെ SLI പോളിസിയുടെ മെച്യൂരിറ്റി തീയതി പ്രസ്തുത വകുപ്പിലെ പാർട്ട്ടൈം കണ്ടിൻജന്റ് അല്ലാത്ത ജീവനക്കാരുടെ വിരമിക്കൽ തീയതി അടിസ്ഥാനമാക്കി നിശ്ചയിക്കാവുന്നതാണ്.

(...2)

**ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ** ചട്ടം 3(1)(iii) പ്രകാരം ടൈം സ്കെയിൽ ഓഫ് പേ അനുവദിച്ചിട്ടുള്ള കണ്ടിൻജന്റ് എസ്റ്റാബ്ലിഷ്മെന്റിലെ ജീവനക്കാർക്ക് പദ്ധതി ബാധകമാണ്. (The State Government employees borne on contingent establishment on time scales of pay). ആയതിനാൽ സർക്കാർ ജീവനക്കാർ, സർക്കാർ ജീവനക്കാരല്ലാത്ത പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർ, സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നീ വിഭാഗങ്ങൾക്കും എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ/അനദ്ധ്യാപകർ എന്നീ വിഭാഗങ്ങൾക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

സംസ്ഥാന ലൈഫ് ഇൻഷ്വറൻസ്/ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതികളുടെ പൊതുവായ ചട്ടങ്ങൾക്ക് വിധേയമായി മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്കനുസരിച്ച് സർക്കാർ ജീവനക്കാർ, സർക്കാർ ജീവനക്കാരല്ലാത്ത പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർ, സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നീ വിഭാഗങ്ങളിലെ സർക്കാർ അംഗീകരിച്ച നിയമനചട്ടങ്ങൾക്കനുസരിച്ച് സ്ഥിരം നിയമനം ലഭിച്ചതും ടൈം സ്കെയിൽ ഓഫ് പേ അനുവദിച്ചിട്ടുള്ളതുമായ കണ്ടിൻജന്റ് എസ്റ്റാബ്ലിഷ്മെന്റിലെ ജീവനക്കാർക്കും പ്രസ്തുത പദ്ധതികളിൽ അംഗത്വം അനുവദിക്കാൻ നിർദ്ദേശം നൽകുന്നു.

**ഇൻഷ്വറൻസ് ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ്:

1. ഡെപ്യൂട്ടി ഡയറക്ടർ I, II
2. അസിസ്റ്റന്റ് ഡയറക്ടർ I, II
3. എല്ലാ ജില്ലാ ഇൻഷ്വറൻസ് ആഫീസർമാർക്കും
4. അക്കൗണ്ട്സ് ആഫീസർ/സീനിയർ സൂപ്രണ്ട്മാർ/ഇൻസ്പെക്ടർമാർ
5. വകുപ്പിന്റെ വെബ്സൈറ്റ്
6. ഓഫീസ് കോപ്പി